**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കോട്ടയം ജില്ല — ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3084/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 18.09.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.11.2014-ലെ ഇ 5-(എസ് സി53/14/കെടിഎം) 20644/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 10.12.2014-ലെ 14211/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 28.02.2015-ലെ 81645/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. സ.ഉ. (സാധാ) നം.1819/2016/തസ്വഭവ തീയതി 01.06.2016
5. പഞ്ചായത്ത് ഡയറക്ടറുടെ 18.10.2016-ലെ ഡി5-10993/2015 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണം പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ, ജൂനിയർ സൂപ്രണ്ട് ശ്രീമതി. മിനി മാത്യു, സീനിയർ ക്ലാർക്ക് ശ്രീമതി. ഷൈലശ്രീ. കെ.എൻ, ക്ലാർക്ക് ശ്രീ. ജയശങ്കർ റ്റി.ആർ, ഫുൾ-ടൈം സ്വീപ്പർമാരായ ശ്രീ. മധുസൂദനലാൽ, ശ്രീമതി. ബീനാകുമാരി കെ.എം, സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. പി.പി. ശശിധരൻ നായർ, ഓഫീസ് അറ്റന്റന്റ് ശ്രീ. പി.ജി. സജിമോൻ എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റപത്രത്തിന് ശ്രീ. സജിമോൻ പ്രതിവാദ പത്രിക സമർപ്പിക്കുകയും ഇതിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (4) പ്രകാരം തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കുറ്റപത്രത്തിന് മറ്റ് 8 ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ 16.06.2014-നാണ് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും കുറ്റാരോപണ മെമ്മോയിൽ, റിപ്പയറിംഗ്, ടാറിംഗ് പ്രവൃത്തികൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു എന്നതിന് ആയതു പ്രകാരമുള്ള പ്രവൃത്തികൾ ടിയാൻ നടത്തിയിട്ടില്ല എന്നും ആയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആരോപണം സംബന്ധിച്ച് കുറ്റപത്രത്തിൽ പരാമർശങ്ങൾ ഇല്ലാത്തതിനാൽ ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും 31.07.2014-ലെ ഹാജർ പുസ്തകം, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും

അന്നേദിവസം ശ്രീ. സൈമൺ വർഗ്ഗീസ് പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതായി കാണുന്നുവെന്നും ആയതിന് ടിയാൻ സമർപ്പിച്ച മറുപടിയിൽ ടിയാൻ അന്നേദിവസം 10.15-ന് ഓഫീസിൽ ഹാജരായെന്നും ആ സമയം തന്നെ വിജിലൻസ് ഉദ്യോഗസ്ഥരും എത്തി പരിശോധന ആരംഭിച്ചെന്നും പരിശോധനയുടെ ഭാഗമായി രജിസ്റ്ററുകൾ ഏറ്റെടുക്കുകയും ചെയ്തുവെന്നും ആയതിനാലാണ് പ്രസ്തുത രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ നടത്താൻ കഴിയാത്തതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ടെന്നും വിജിലൻസ് പരിശോധനയ്ക്ക് ശേഷവും മുൻപുമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ടിയാൻ അവധിയിലല്ലാത്ത എല്ലാ ദിവസവും പ്രസ്തുത രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്ലാമൂട്ടിൽ ബേക്കേഴ്സ്, യൂണിവേഴ്സൽ മൊബൈൽ, അശ്വതി ജ്വല്ലറി എന്നീ കെട്ടിടങ്ങളിൽ നടത്തപ്പെട്ട അനധികൃത നിർമ്മാണങ്ങൾക്കുമേൽ നടപടികൾ സ്വീകരിച്ചില്ല എന്നതിന്മേൽ പ്രസ്തുത കെട്ടിടങ്ങളിൽ പ്ലാമൂട്ടിൽ ബേക്കേഴ്സ്, അശ്വതി ജ്വല്ലറി എന്നിവയുടെ ഉടമകൾ ടി കെട്ടിടങ്ങളിൽ നടത്തപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിനായി ബഹു. കോടതി മുമ്പാകെയും ബഹു. സർക്കാരിലേക്കും അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത അപേക്ഷകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും ടി നിർമ്മാണ പ്രവർത്തനങ്ങൾ 2012 കാലഘട്ടം മുതൽ ആരംഭിക്കുകയും യഥാസമയം ഗ്രാമപഞ്ചായത്തിൽ നിന്നും സ്റ്റോപ്പ് മെമ്മോകൾ നൽകിയിട്ടുള്ളതായും കാണുന്നുവെന്നും, ശ്രീ. സൈമൺ വർഗ്ഗീസ് പഞ്ചായത്തിൽ ചുമതല ഏറ്റെടുക്കുന്നതിന് മുമ്പായി ടി കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുകയും പ്രസ്തുത കെട്ടിടങ്ങൾ സംബന്ധിച്ച് ബഹു. കോടതിയിലും ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിലും കേസുകൾ നടന്നു വന്നിരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ടെന്നും പരിശോധനയിൽ പ്ലാമൂട്ടിൽ ബേക്കേഴ്സ് കെട്ടിടത്തിൽ നടത്തപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. കോടതിയുടെ ഉത്തരവിൻപ്രകാരം ക്രമവൽക്കരിച്ചു നൽകിയതായു കാണപ്പെട്ടുവെന്നും അശ്വതി ജ്വല്ലറി കെട്ടിട്ടത്തിൽ പ്ലാനിൽ അധികരിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് കെട്ടിട ഉടമ ബഹു. ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ സ്റ്റോപ്പ് മെമ്മോ അംഗീകരിച്ച് അനധികൃത നിർമ്മാണ പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉത്തരവാകുകയുണ്ടായിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ആയതിന്മേൽ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സൈമൺ വർഗ്ഗീസ് ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതിനു മുമ്പാണ് ടി കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഒ.എസ്. വിരേന്ദ്രൻ, സെക്രട്ടറി (റിട്ട) 08.01.2013 മുതൽ 31.01.2014 വരെയാണ് ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി നോക്കിയിരുന്നതെന്നും പ്ലാമൂട്ടിൽ ബേക്കേഴ്സ്, അശ്വതി ജ്വല്ലറി എന്നീ കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണത്തിനെതിരെ ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്ന ടിയാനെതിരെയുള്ള ആരോപണം സംബന്ധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി ടി നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ ടി നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് പുതിയ കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നതിനും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിജിലൻസ് പരിശോധനാ ദിവസം ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയില്ല എന്ന ജൂനിയർ സൂപ്രണ്ട് ശ്രീമതി. മിനി മാത്യുവിനെതിരായ ആരോപണം സംബന്ധിച്ച് ടിയാരി അന്നേ ദിവസം രാവിലെ 10.30-ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുത്തുതായി കാണുന്നുവെന്നും ടി ദിവസം ടിയാരി മൂവ്മെന്റ് രജിസ്റ്ററിൽ യാത്ര സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയില്ല, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയില്ല, അസ്സസ്സ്മെന്റ് രജിസ്റ്റർ സംബന്ധമായ വിവരങ്ങൾ നൽകിയില്ല തുടങ്ങിയ സീനിയർ ക്ലാർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ-നെതിരായ ആരോപണങ്ങൾ സംബന്ധിച്ച് സർവ്വീസ് മാന്വൽ പ്രകാരം ഉദ്യോഗസ്ഥർ ഓഫീസിൽ ഹാജരായി ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി ഹാജർ രേഖപ്പെടുത്തേണ്ടതായും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1993-94 സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുള്ള കെട്ടിട നികുതി അസ്സസ്സ്മെന്റ് രജിസ്റ്ററുകളാണ് വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതുവരെ ഉപയോഗിച്ചിരുന്നതെന്നും ആയത് പലതും ജീർണ്ണാവസ്ഥയിലാണെന്നും ടി സാഹചര്യത്തിൽ ടിയാൾക്കെതിരെയുള്ള ആരോപണം നിലനിൽക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയില്ല, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയില്ല തുടങ്ങിയ ശ്രീ. ജയശങ്കർ റ്റി.ആർ, ക്ലാർക്കിനെതിരായ ആരോപണം. സംബന്ധിച്ച് തന്റെ മകൾക്ക് പനിയായതിനാൽ വൈകിയാണ് അന്നേ ദിവസം ഓഫീസിൽ ഹാജരായത് എന്നാണ് ടിയാൻ മറുപടി നൽകിയതെങ്കിലും ആയത് തെളിയിക്കുന്ന രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല എന്നും ടി വിവരം ഓഫീസ് മേധാവിയേയോ സൂപ്രണ്ടിനേയോ യഥാസമയം അറിയിച്ചിരുന്നില്ല എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

31.07.2014-ന് ജോലിക്ക് ഹാജരായില്ല എന്ന ഫുൾ-ടൈം സ്വീപ്പർ ശ്രീ. മധുസൂദനലാലിനെതിരെയുള്ള ആരോപണം സംബന്ധിച്ച് ടിയാൻ അനാരോഗ്യം കാരണമാണ് ജോലിക്ക് ഹാജരാകാതിരുന്നത് എന്നും അടുത്ത ദിവസം ജോലിക്ക് ഹാജരാകുകയും 31.07.2014-ന് ടിയാൾക്ക് ആകസ്മികാവധി അനുവദിച്ചു നൽകിയിട്ടുള്ളതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയില്ല എന്ന ഫുൾ-ടൈം സ്വീപ്പർ ശ്രീമതി. ബീനാകുമാരിക്കെതിരായ ആരോപണം സംബന്ധിച്ച് ഫുൾ- ടൈം സ്വീപ്പർ ആയ ശ്രീ. മധുസൂദനലാൽ 31.07.2014-ന് ജോലിക്കു ഹാജരാകാതിരുന്നതിനാൽ ടി ജോലി കൂടി ശ്രീമതി. ബീനാകുമാരിക്ക് ചെയ്യേണ്ടതായി വന്നു എന്നും കൂടാതെ ടിയാരി സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യവും പരിഗണിച്ച് ടിയാരിയുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി.പി. ശശിധരൻ നായർ, സെക്രട്ടറി (ഇൻ-ചാർജ്ജ്) പ്ലാമൂട്ടിൽ ബേക്കേഴ്സ്, അശ്വതി ജ്വല്ലറി എന്നീ സ്ഥാപനത്തിന്റെ അനധികൃത നിർമ്മാണത്തിനെതിരെ ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നതായിരുന്നു ടിയാനെതിരെയുള്ള ആരോപണം. അനധികൃത നിർമ്മാണത്തിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി ടി നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ ടി നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് പുതിയ കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നതിനും ഒക്യുപൻസി സർട്ടിഫിക്കറ്റ്

നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നുവെന്നും സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തി എന്ന നിലയിൽ ടിയാൾക്കെതിരെയുള്ള ആരോപണം ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് വിജിലൻസ് പരാമർശത്തിൽ ഉൾപ്പെട്ട ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.കെ.ശശിധരൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിയും, ഗ്രാമപഞ്ചായത്തിലെ മറ്റ് ജീവനക്കാരായ വിരമിച്ച സെക്രട്ടറിമാരായ ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ, ജൂനിയർ സൂപ്രണ്ട് ശ്രീമതി. മിനി മാത്യു, ഫുൾ ടൈം സ്വീപ്പർമാരായ ശ്രീ. മധുസൂദനലാൽ, ശ്രീമതി. ബീനാകുമാരി കെ.എം, സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. പി.പി. ശശിധരൻ നായർ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കിയും, സീനിയർ ക്ലാർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ-ന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ 6 മാസത്തേക്ക് തടഞ്ഞും, ക്ലാർക്ക് ശ്രീ. ജയശങ്കർ റ്റി.ആർ-ന് സെൻഷ്വർ നൽകിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്ക്സ് നം.1666156/ഡി4/2017/വിജി.
   തീയതി 05.08.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.81645/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ